# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2226

18.06.2013ൽ മറുപടിക്ക്.

### പവർകട്ടും ലോഡ്ഷെഡിംഗും മൂലം പ്രതിസന്ധിയിലായ വ്യവസായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) പവർകട്ടും ലോഡ്ഷെഡിംഗും വ്യവസായങ്ങളെ വലിയ തോതിൽ ബാധിച്ചിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇതു പരിഹരിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) ഈ പ്രതിസന്ധി തരണം ചെയ്യാനായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടിരൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. KSIDC-യിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. കൂടാതെ പൊതുമേഖല സ്ഥാപനങ്ങളായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർഗിംഗ്സ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, മലബാർ സിമന്റ്സ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, സിഡ്കോ, കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങളിൽ സോളാർ പാനലുകൾ ഉപയോഗിച്ച് സൗരോർജ്ജം ഉൽപ്പാദിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) പൊതുമേഖല വ്യവസായ സ്ഥാപനങ്ങളെ ഈ വൈദ്യുത പ്രതിസന്ധി ബാധിച്ചിട്ടുണ്ടോ; | സി) ബാധിച്ചിട്ടുണ്ട്. |
| ഡി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതു മൂലം നഷ്ടത്തിലായിട്ടുള്ളത്; | ഡി) വൈദ്യുതി പ്രതിസന്ധി മൂലം KMML, Malabar Cements, TCC എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം ഗണ്യമായി കുറയാൻ കാരണമായി. കൂടാതെ ടെക്സ്റ്റയിൽ മില്ലുകളിലും, ഉൽപ്പാദനപ്രവർത്തനങ്ങൾക്ക് കൂടുതൽ വൈദ്യുതി |

ഉപയോഗിക്കുന്ന മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെയും വൈദ്യുതി രംഗത്തെ പ്രതിസന്ധി പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഇ) നഷ്ടം നികത്തുന്നതിന് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്?

ഇ) വൈദ്യുതി പ്രതിസന്ധിമൂലമുള്ള നഷ്ടം നികത്തുവാൻ മറ്റുള്ള ഉൽപ്പാദനചെലവുകൾ പരമാവധി കുറക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുവാൻ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സൗരോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതി പദ്ധതികൾ നടപ്പിലാക്കുക മുഖേന ഈ പ്രതികൂല സാഹചര്യത്തെ മറികടക്കുവാൻ നടപടികൾ എടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ